# പ്രതികരണങ്ങൾ — 35



പ്രതികരണങ്ങൾ — 35
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Arwen, a painting by Anna Kulisz. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## അയ്മനം ജോൺ: വെയിലത്തു പെയ്യുന്ന മഴ

**കെ. സച്ചിദാനന്ദൻ:** എന്തൊരു കഥ! രണ്ടു തലമുറകളുടെ മുഴുവൻ കഥയും അതിലുണ്ട്. ചേർന്ന ചിത്രങ്ങളും.

## കരുണാകരൻ: എല്ലാ ആണുങ്ങളും അവരുടെ അൻപത്തിയൊന്നാം വയസ്സിൽ ആദ്യമായി മരിക്കുന്നു

**കെ. സച്ചിദാനന്ദൻ:** വായിച്ചതാണ്. ഓരോ വായനയിലും പുതുത്. പിന്നെ ചിത്രങ്ങളും ശീർഷകവും.

## മധുസൂദനൻ: അടിത്തട്ട്

**കെ. സച്ചിദാനന്ദൻ:** മധു കണ്ടതും വായിച്ചതും കേട്ടതും ബന്ധപ്പെടുത്തുന്ന രീതി വിസ്മയകരമാണ്. കവിതകളിലേ അത് ഇത്ര സാന്ദ്രമായി കാണാറുള്ളൂ.

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ:

**സായാഹ്ന പ്രവർത്തകർ:** ശബ്ദതാരാവലി മൗനം ഭേദിച്ചു പുറത്തുവരികയാണ്! താഴെക്കൊടുത്തിരിക്കുന്ന കണ്ണികൾ സന്ദർശിക്കുക:

1. http://stv1.sayahna.org (draft web site)
2. https://dict.sayahna.org/stv (lexonomy server)

1. വെബ് സെർവർ: ആദ്യപതിപ്പാണ്, ഇനിയും മാറ്റങ്ങളുണ്ടാവും. എല്ലാ കണ്ണികളും പ്രവർത്തനക്ഷമമല്ല. വായനക്കാരുടെ നിർദ്ദേശങ്ങളനുസരിച്ചു മാറ്റങ്ങൾ വരുത്തിയതിനു ശേഷം ഇത് https://stv.sayahna.org ഇന്ത്യയ്ക്കു പുറത്തുള്ള ഒരു ഡാറ്റസെന്ററിൽ സ്ഥാനം പിടിക്കും (stv1.sayahna.org will continue as a fallback server).

2. ലെക്സോണമി സെർവർ: എക്സ്എംഎൽ കോർപ്പസ് വഹിക്കുന്ന നിഘണ്ടു സെർവറാണ്. നേരിട്ട് എക്സ്എംഎൽ പതിപ്പിൽ മാറ്റങ്ങൾ വരുത്താനും, പുതിയ വാക്കുകൾ കൂട്ടിച്ചേർക്കാനും സഹായിക്കുന്നു. അതിനുള്ള അനുവാദം ഉള്ളവർക്കു മാത്രമേ കഴിയുകയുള്ളു. ആദ്യഘട്ടത്തിൽ ശബ്ദതാരാവലി പത്രാധിപസമിതി അംഗങ്ങൾക്കു മാത്രമേ ആ അവകാശം നൽകുന്നുള്ളൂ. അതില്ലാത്തവർക്കു വാക്കുകൾ തെരയുവാനും അർത്ഥം കണ്ടുപിടിക്കുവാനും കഴിയും.

ശബ്ദതാരാവലിയുടെ എക്സ്എംഎൽ കോർപ്പസ് സ്വതന്ത്രലൈസൻസിൽ ആർക്കു വേണമെങ്കിലും ഡൗൺലോഡ് ചെയ്തു എന്താവശ്യത്തിനും (വാണിജ്യമടക്കം) ഉപയോഗിക്കാവുന്നതാണ്.

അഞ്ചു കൊല്ലം നീണ്ടുനിന്ന ഈ സംരഭത്തിൽ പങ്കെടുത്ത എല്ലാപേർക്കും സായാഹ്ന ഹാർദ്ദമായി നന്ദി രേഖപ്പെടുത്തുന്നു.

ശബ്ദതാരാവലിയുടെ വെബ് സൈറ്റ് പൂർണ്ണമായി പ്രവർത്തനക്ഷമമായിരിക്കുന്നു:

https://stv.sayahna.org

ലെക്സോണമിയെക്കുറിച്ചു മനസ്സിലാക്കുവാൻ ഉതകുന്ന ഒരു താൾ കൂടി ഇപ്പോൾ ചേർത്തിട്ടുണ്ട്.

https://stv.sayahna.org/lexonomy-intro.html

പാഠത്തിന്റെ XML ആർക്കൈവ് ലഭ്യമാക്കിയിട്ടുണ്ട്. പ്രധാനതാളിലെ അവസാനഭാഗത്തുള്ള കണ്ണികൾ സന്ദർശിക്കുക. ഈ കോർപ്പസ് ഭാഷാശാസ്ത്രജ്ഞർക്കും ഭാഷാസാങ്കേതിക വിദഗ്ധർക്കും അക്കാദമിക് സമൂഹത്തിനും പ്രയോജനപ്പെടുമെന്നു വിശ്വസിക്കുന്നു.

ഈ സംരംഭത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ ഇവിടെ കാണുക:

https://stv.sayahna.org/participants.html

**ഇ. മാധവൻ:** ഇതിന് വേണ്ടി പ്രയത്നിച്ച, നിസ്വാർത്ഥ സേവനം നടത്തിയ ഭാഷാ സ്നേഹികളോട് വലിയ ആദരവാണ് തോന്നുന്നത്. സ്വന്തംഭാഷയെ മുങ്ങിപ്പോകാൻ അനുവദിക്കില്ല എന്ന ദൃഢപ്രതിജ്ഞയെടുവർ.

**കെ. സച്ചിദാനന്ദൻ:** വലിയ സന്തോഷം. അഭിനന്ദനം.

**ടി. ആർ. വേണുഗോപാലൻ:** എല്ലാവർക്കും ഉപയോഗപ്രദമായ വലിയ സംരംഭം. അഭിനന്ദനം.

**മധുസൂദനൻ:** ഗംഭീരം! നല്ല ലേ ഔട്ട്… ഓരോ വാക്കുകളും ഒരു മഹാവൃക്ഷത്തിന്റെ ഇലകൾ പോലെ…

**എൻ. പി. രാജേന്ദ്രൻ:** മഹാ സംഭവമാണ്. ഹാർദ്ദമായ അഭിനന്ദനങ്ങൾ.

**ഹബീബ് എം. എച്ച്.:** സാങ്കേതികവിദ്യ പരിമിതമായ ഒരു കാലത്ത് ഒരായുസ്സ് മുഴുവൻ “സുഖം” എന്തെന്നറിയാതെ ശ്രീകണ്ഠേശ്വരം പണിത മാതൃഭാഷയുടെ ഈ അടിത്തറ ഇന്ന് പുതിയ തലമുറ ശബ്ദതാരാവലിയുടെ ശതാബ്ദി (2023) ആഘോഷിക്കാൻ പോകുന്ന ഈ വേളയിൽ ആധുനിക സാങ്കേതികവിദ്യയുടെ മണിമഞ്ചലിൽ വെച്ച് മലയാളഭാഷാദേവിക്ക് സമർപ്പിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ നിങ്ങളോടൊപ്പം ഞാനും അഭിമാനം കൊള്ളുന്നു.

**ദാമോദർ പ്രസാദ്:** അച്ചടിയുടെ തന്നെ ആദിമ മുദ്രണ രീതികളുടെ കാലത്ത് പ്രസിദ്ധീകരിച്ച ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലിയുടെ ‘ഒറിജിനിലിനെ’ ഡിജിറ്റലാക്കിയ സായാഹ്നയും അണിയറ പ്രവർത്തകരും ചെയ്ത ‘വിശുദ്ധ’ അഭിനന്ദിക്കുകയോ…

…അച്ചടിയെ ആധികാരികമായി കാണുന്ന മലയാള സാംസ്കാരിക ലോകം. കോപിറൈറ്റഡ് അച്ചടിയാണെങ്കിൽ അതിലും ആധികാരികം. കുത്തക പ്രസാധകരുടെ അതിൽപ്പരം ആധികാരികവും കെങ്കേമമായി മറ്റൊന്നുമില്ല താനും.

ഡിജിറ്റൽ എന്നു കേട്ടാലോ അപരാധപൂർവ്വമാകണം അന്തരംഗം. ഓൺലൈൻ ക്ലാസ്സിന്റെ ആഘാതത്തെയോർത്ത് അശരണപ്പെട്ട മഹാ പാരമ്പര്യ സിദ്ധന്മാർ ആത്മനിർവൃതിക്കും ആത്മ പ്രചരണത്തിനും ഇതേ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഇരട്ടത്താപ്പ് അവരുടെ സ്വഭാവിക പ്രവൃത്തിപഥമായിരിക്കെ ആരും തന്നെ ഓൺലൈൻ പഠന വിരുദ്ധതയ്ക്കു ചെവി കൊടുക്കാൻ പോയില്ല, ഭരണത്തിലിരിക്കുന്ന ഇടതുപക്ഷ സർക്കാർ പോലും, ഭാഗ്യത്തിന്.

പറഞ്ഞു വന്നത് എന്തായാലും അതിനെക്കുറിച്ചല്ല.

സായാഹ്നയുടെ ഏറ്റവും പ്രശംസനീയമായ പ്രവർത്തനം സംസ്കാരത്തിന്റെ ഡിജിറ്റൽ വല്ക്കരണമാണ്. അതും എങ്ങനെ? കോമൺസ് എന്ന സങ്കല്പത്തിനാധാരമാക്കി. അല്ലാതെ, കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പോലുള്ള കോമൺസിനെ ഒരു ഓൺലൈൻ ചരക്കാക്കി അമിത കാശ് ഈടാക്കുന്ന പണിയല്ല ഇതെന്ന് മനസ്സിലാക്കുന്നു.

ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലി, ഒരോ ആണ്ടുതോറും ഒരോരുത്തരെക്കൊണ്ട് പരിഷ്ക്കരിപ്പിച്ച് ആയിരത്തി അഞ്ഞൂറ് രൂപയ്ക്കും ചിലപ്പോൾ അതിലും കൂടുതൽ രൂപയ്ക്ക് വിൽക്കുന്ന കുത്തക പ്രസാധാകരുടെ വരുമാനസ്രോതസ്സിനെ കടയ്ക്കൽ ഡിജിറ്റൽ കത്തിവെച്ച സായാഹ്നയുടെ വിശുദ്ധപാപം പൊറുക്കപ്പെടുകയില്ല!

ഒറിജിനൽ ശ്രീകണ്ഠേശ്വരമാണ് ഇപ്പോൾ ഡിജിറ്റലിൽ വന്നിരിക്കുന്നത്. പരിഷ്ക്കരിക്കപ്പെട്ട അനേകം പതിപ്പുകളിൽ നിന്ന് ഏറ്റവും ലേറ്റസ്റ്റായ ശബ്ദതാരാവലിയുടെ ഡിജിറ്റൽ വേർഷന്റെ മേന്മ ഭാഷാ വിദഗ്ദർ വിശദീകരിച്ചാൽ നന്നായിരിക്കും.

മലയാളം വാക്ക് തിരയുന്നവർക്ക് വെബിൽ സായാഹ്നയുടെ ഈ പ്രവർത്തനം വളരെ ഉപകാരപ്പെടും. വിപ്ലവകരമായ പ്രവർത്തനം.

കേരളത്തിലെ വലിയ എഴുത്തുകാർ മുതൽ മലയാളത്തിന്റെ മഹാ നടൻ മമ്മൂട്ടി വരെ ഇതിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയായി. ഡിജിറ്റൽ മാധ്യമം അച്ചടിയുടെ ഓഥോറിയൽ (authorial) വ്യക്തി കേന്ദ്രിത സർഗ്ഗാത്മകതയേക്കാൾ പ്രാമുഖ്യം നല്കുന്നത് കളക്റ്റീവായ പ്രവർത്തനങ്ങൾക്കാണ്. വ്യക്തികളുടെ നിസ്വാർത്ഥത അതിൽ പ്രധാനമാണ്. സാംസ്കാരിക കേരളത്തിന് അത്രയൊന്നും പരിചതമായിരിക്കില്ല ഈ നിസ്വാർത്ഥത.

അശോക് കുമാറിൽ നിന്ന് ഞാൻ മനസ്സിലാക്കുന്നത്, ഇത്ര ഭംഗിയോടെയുള്ള ശബ്ദതാരാവലിയുടെ ഡിജിറ്റൽ പതിപ്പിന്റെ സാക്ഷാത്ക്കാരത്തിനു പിറകിൽ കളക്റ്റീവായ പ്രവർത്തനം നടന്നിരുന്നു എന്നതിനോടൊപ്പം അതിനു നേതൃത്വം നല്കിയ സായാഹ്നയുടെ സി വി ആറിന്റെ സമർപ്പിതമായ പ്രയത്നവും എടുത്തു പറയേണ്ടതാണ്.

ഇത് ഭാഷയുടെ തന്നെ ഭാവിയിലേക്കുള്ള ചൂണ്ടുപലകയാണ്.

പഴയ ഗ്രന്ഥങ്ങൾ മാത്രമല്ല പുതിയ പുസ്തകങ്ങളും സായാഹ്ന ഇറക്കാൻ പോകുന്നുവെന്നാണ്.

അതു പോലെ പ്രിന്റ് ഓൺ ഓർഡർ സംവിധാനവും കൊണ്ടു വരാവുന്നതാണ്.

വെബ് ശബ്ദതാരാവലിയുടെ പ്രചരണാർത്ഥം ചെയ്യാവുന്നത് സക്കറിയ, കെ. ജി. എസ്., സച്ചി മാഷ്, മമ്മൂട്ടി… ശബ്ദതാരാവലിയുടെ വെബ് ആവിഷ്ക്കാരത്തെ കുറിച്ച് ഒരു വിഡിയോ ചെയുന്നത് നല്ലതായിരിക്കാം.

യുട്യൂബ് വിഡിയോ അച്ചടിയേക്കാളും പോപുലിസ്റ്റാണ്.

**അല്ലക്ക അബ്ദുൽ ഗഫൂർ:** ഈ മഹദ് യജ്ഞത്തിൽ പങ്കെടുത്ത എല്ലാ സുഹൃത്തുക്കൾക്കും എന്റെ അഭിനന്ദനങ്ങൾ. ഒറ്റയ്ക്കൊരാൾ പരിശ്രമിച്ചുണ്ടാക്കിയ ഒരു ബൃഹദ്ഗ്രന്ഥത്തിന് ഒട്ടേറെപ്പേർ കൂടി നടത്തിയ ഒരു ശുദ്ധീകരണം. അന്നത്തെ കാലത്ത് ശ്രീകണ്ഠശ്വരം ഒറ്റയ്ക്ക് നടത്തിയ ഈ ഒരു പ്രവൃത്തി ലോകത്തെവിടെയെങ്കിലും മറ്റൊരാൾ നടത്തിയതായി എന്റെ അറിവിലില്ല.

**അഷ്റഫ്:** നിശബ്ദം കടന്നു വന്ന സായാഹ്നയുടെ ഈ ഡിജിറ്റൽ ശബ്ദതാരാവലി മലയാളഭാഷയ്ക്ക് പുതിയ കാലത്തിലെ ഏറ്റവും വലിയ സംഭാവനയായി വിലയിരുത്തപ്പെടും. വളരെയധികം സന്തോഷം.

**അഞ്ജൂഷ എൻ. പി.:** മാതൃഭാഷയെ ഇത്രമേൽ സ്നേഹിച്ച ഭാഷയ്ക്ക് വേണ്ടി ജോലി രാജിവെച്ച് പദങ്ങൾ പരതിനടന്ന് അർത്ഥങ്ങൾ നിർമ്മിച്ചെടുത്ത മഹാപണ്ഡിതൻ ശ്രീകണ്ഠേശ്വരം ജി. പത്മനാഭപ്പിള്ള. തന്റെ ജീവിതത്തിലെ വിലപ്പെട്ട 35 വർഷങ്ങൾ ആണ് അദ്ദേഹം ഇങ്ങനെ ഒരു മഹാനിഘണ്ടുവിനായി മാറ്റിവെച്ചത്. ആവശ്യത്തിന് കടലാസുപോലും ഇല്ലാതിരുന്ന കാലത്താണ് ഇങ്ങനെ ഒരു ഉദ്യമത്തിനദ്ദേഹം തയ്യാറായത്. ‘സുഖം’ എന്ന പദം അദ്ദേഹത്തിന്റെ ശബ്ദതാരാവലിയിൽ മാത്രമെ കാണുവാൻ കഴിയൂ. ജീവിതത്തിൽ അദ്ദേഹം അങ്ങനെയൊന്ന് അനുഭവിച്ചിട്ടില്ല. ശബ്ദതാരാവലിയുടെ മുഖവുരയിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ഭാഷയ്ക്ക് വേണ്ടിയുള്ള ഏറ്റവും പവിത്രമായ ആത്മസമർപ്പണത്തിന് മുന്നിൽ ശിരസുനമിച്ചുകൊണ്ട് മാതൃഭാഷയിലെ ആധികാരിക നിഘണ്ടുവിനെ ഡിജിറ്റൽ പതിപ്പാക്കിമാറ്റിയ സായാഹ്നഫൗണ്ടേഷനും അണിയറപ്രവർത്തകർക്കും അഭിനന്ദനങ്ങൾ നേരുന്നു.

ഒപ്പം തന്നെ ഇത്രയും ബൃഹത്തായ ഗ്രന്ഥത്തെ ഏറ്റവും എളുപ്പം കൈകാര്യം ചെയ്യുവാൻ സൈബറിടത്തിൽ സാധ്യത തുറന്നുവെച്ചതിന് നന്ദിയും രേഖപ്പെടുത്തുന്നു.

**ആശ:** അഭിമാനത്തിൻ ധന്യ നിമിഷങ്ങൾ… ഈ ഉദ്യമത്തിന് ചുക്കാൻ പിടിച്ച സി. വി. രാധാകൃഷ്ണൻ സാറിനും സായാഹ്നയുടെ അണിയറ പ്രവർത്തകർക്കും അഭിനന്ദനങ്ങൾ.

(ഫെബ്രുവരി 21 മുതൽ മാർച്ച് 13 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014